**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2802** **06.02.2018-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.അനൂപ് ജേക്കബ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് നിലവിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ? | (എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷം ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലിചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ സഹായം ഏർപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ആവാസ് പദ്ധതിയുടെ രജിസ്ട്രേഷൻ സംസ്ഥാനത്ത് 2017 നവംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ആവാസ് പദ്ധതിയിൻ പ്രകാരം സംസ്ഥാനത്ത് തൊഴിലെടുക്കുന്നതായി 103094 ഇതര സംസ്ഥാന തൊഴിലാളികൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഏതു സംസ്ഥാനത്ത് നിന്നാണ് ഏറ്റവും കൂടുതൽ പേർ തൊഴിലിനായി എത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) ആവാസ് ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ പുരോഗതി പരിശോധിക്കുമ്പോൾ പശ്ചിമബംഗാളിലുള്ള തൊഴിലാളികളാണ് ഏറ്റവും കൂടുതൽ തൊഴിലിനായി കേരളത്തിൽ എത്തിയിട്ടുള്ളത്. |
| (സി) ഇതിൽ കുറ്റവാളികളായി കണ്ടെത്തിയിട്ടുള്ള എത്ര പേരുണ്ട്; ഇവരുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവര ശേഖരണം നടത്തുമ്പോൾ ഒരു വ്യക്തിയുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിവരം ലഭിക്കുന്നില്ല. ആയതിനാൽ കുറ്റവാളികളെ സംബന്ധിച്ച വ്യക്തമായ വിവരം തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ.